# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1450** 07.06.2018 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി

*ചോദ്യം*
ശ്രീ.എ. എൻ. ഷംസീർ
,, ആന്റണി ജോൺ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.പി.ടി.എ. റഹീം

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) (ബി) & (സി) | കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 .9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ് , കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. |
| (ബി) | പരീക്ഷാ നടത്തിപ്പ് കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിനും സർവ്വകലാശാലകൾ തമ്മിലുള്ള അക്കാദമിക ബന്ധം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (സി) | പരീക്ഷാ കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിനും ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | സർവ്വകലാശാലകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (റൂസ ) പ്രകാരം എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | സർവ്വകലാശാലകളുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്രാവിഷ്കൃത പദ്ധതി (റൂസ) പ്രകാരം സംസ്ഥാനത്തെ 6 സർവ്വകലാശാലകൾക്ക് നാളിതുവരെ കേന്ദ്ര – സംസ്ഥാന വിഹിതങ്ങൾ ചേർത്ത് 95.46 കോടി രൂപ അടിസ്ഥാന സൗകര്യവികസനത്തിനായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചേർത്ത് നൽകിയ 49.175 കോടി രൂപയുടെ ധനസഹായം ഉൾപ്പെടെ നിലവിൽ ആകെ 144.635 കോടി രൂപ റൂസ വഴി സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**